# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26




## ജി എൽ പി എസ് (ബി ടി എസ് ) ചാലക്കുടി

glpsbts@gmail.com

## താളുകൾ മറിക്കുമ്പോൾ


അടിസ്ഥാന വിവരങ്ങൾ

ആമുഖം

ജി എൽ പി എസ് ബി ടി എസ്

മാസ്റ്റർ പ്ലാൻ രൂപീകരണം

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്

നിലവിലെ അവസ്ഥാ വിശകലനം

പരിമിതികൾ

അക്കാദമികം

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

മലയാളം

ഇംഗ്ലീഷ്

ഗണിതം

പരിസര പഠനം

ആരോഗ്യ കായികം

പ്രവൃർത്തിപരിചയം

കലാപഠനം

ഇ-വിദ്യ

ഉപസംഹാരം

## അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി. എൽ. പി. എസ് (ബി. ടി.എസ് )

ചാലക്കുടി

സ്കൂൾ കോഡ് : 23209

ബി. ആർ. സി : ചാലക്കുടി

ജില്ല : തൃശ്ശൂർ

വിദ്യാഭ്യാസ ജില്ല : ഇരിങ്ങാലക്കുട

സബ് ജില്ല : ചാലക്കുടി

സ്ഥാപിതം : 1959

മുനിസിപ്പാലിറ്റി : ചാലക്കുടി

താലൂക്ക് : മുകുന്ദപുരം

ഇ -മെയിൽ :glpsbts@gmail.com

സ്കൂൾ വിക്കി : glpsbts chalakudy

ആമുഖം

പൊതു വിദ്യാഭ്യാസത്തിൻ്റെ ഗുണമേന്മ കാര്യക്ഷമമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ വർഷം പഠനപ്രവർത്തന പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത്. ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അ തത് ക്ലാസിൽ വച്ചുതന്നെ നേടി എന്ന് ഉറപ്പാക്കുക എന്നത് സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമാണ്. പ്രത്യേക പരിഗണന ആഗ്രഹിക്കുന്ന കുട്ടികൾക്ക് പരിഗണന നൽകി ഒപ്പത്തിനൊപ്പം എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു .ലേഖനം ,വായന , സർഗാത്മകത തുടങ്ങിയ അക്കാദമി നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ മാനസികവും ശാരീരികവുമായ നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തുന്നു. ഭാഷയിലും ശാസ്ത്രത്തിനും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം നൽകുന്നു .ശിശു സൗഹൃദവും ആസ്വാദ്യകരവും ആക്കുന്നതിനും രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഈ പദ്ധതിയിലൂടെ സാധ്യമാക്കുന്നു.

ജി എൽ പി എസ്( ബി ടി എസ് )ചാലക്കുടി

ചാലക്കുടിപ്പുഴയുടെ കുളിർ കാറ്റേറ്റ് ഹൈവേയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ജി എൽ പി എസ് ബി ടി എസ് ചാലക്കുടി. ചാലക്കുടി മുൻസിപ്പാലിറ്റിയിലെ ഇരുപത്തിയൊന്നാം വാർഡിൽ പ്രവർത്തിച്ചുവരുന്ന പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള കുഞ്ഞുങ്ങളാണ് ഈ സരസ്വതി ക്ഷേത്രത്തിൽ വിദ്യ അഭ്യസിക്കുന്നത്. അധ്യാപക വിദ്യാർത്ഥികളുടെ പരിശീലന സ്കൂളും ഈ വിദ്യാലയഅങ്കണത്തിൽ പ്രവർത്തിക്കുന്നു .1959ലാണ് ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. 250 നടുത്ത് കുട്ടികൾ ആദ്യ ബാച്ചിൽ ഉണ്ടായിരുന്നു .ആദ്യ പ്രധാന അധ്യാപകൻ ശ്രീനാരായണൻ മാസ്റ്ററും വിദ്യാർത്ഥി ശ്രീ അബ്ദുൽ ജലീലുമാണ് .നിലവിൽ ഉണ്ടായിരുന്ന വിദ്യാലയ കെട്ടിടം കാലപ്പഴക്കം കൊണ്ട് ജർണാവസ്ഥയിൽ ആയതുകൊണ്ട് ബഹുമാനപ്പെട്ട ചാലക്കുടി എംഎൽഎ ബി.ഡി. ദേവസിയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 99 ലക്ഷം ഉപയോഗിച്ച് നിർമ്മിച്ച പുതിയ വിദ്യാഭ്യാസ കെട്ടിടത്തിലാണ് 2021ൽ നവംബർ മുതൽ ഈ വിദ്യാലയം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

അക്കാദമികമാസ്റ്റർ പ്ലാൻ രൂപീകരണം

ഈ അധ്യയനവർഷം എസ് ആർ ജി, പിടിഎ ,എം പി ടി എ, ജനപ്രതിനിധികൾ, ക്ലബ്ബുകൾ ,വയനാശാലകൾ എന്നിവയെല്ലാം ഉൾപ്പെടുന്ന ഒരു വിദ്യാലയ വികസന സമിതി രൂപീകരിക്കുകയുണ്ടായി. സമിതിയുടെ ഘടന ചുവടെ നൽകുന്നു.

മുഖ്യരക്ഷാധികാരി _ എംഎൽഎ

രക്ഷാധികാരി_ നഗരസഭ ചെയർമാൻ

ചെയർമാൻ_ വാർഡ് കൗൺസിലർ

വൈസ് ചെയർമാൻ_ പിടിഎ പ്രസിഡണ്ട്

കൺവീനർ_ ഹെഡ്മിസ്ട്രസ്

ജോയിന്റ് കൺവീനർ_ സീനിയർ ടീച്ചർ

അംഗങ്ങൾ :

അധ്യാപകർ

സ്കൂൾ ലീഡർ

രക്ഷിതാക്കൾ

പൂർവ്വ വിദ്യാർത്ഥികൾ

ക്ലബ്ബ് പ്രതിനിധികൾ

വായനശാല പ്രതിനിധി

സഹകരണ സ്ഥാപനപ്രതിനിധി

വിദ്യാഭ്യാസ പ്രതിനിധി

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും അനുയോജ്യമായ രീതിയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക

൬൯ വർഷം പഴക്കമുള്ള ഈ വിദ്യാലയം ഹൈടെക് ആക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക

പഠന വിഷയങ്ങളിൽ വൈവിധ്യവും വിജ്ഞാനപ്രദവുമായ തരത്തിൽ ഉയർത്തുക

കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക

പ്ലാസ്റ്റിക്, കീടനാശിനി, ലഹരിമുക്ത ക്ലാസ്സുകൾ സംഘടിപ്പിക്കുക

മാലിന്യനിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക

'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയം കൈവരിക്കത്തക്ക വിധം കാമ്പസ് രൂപവൽക്കരിക്കുക

ഭാഷശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസം

പ്രയോജനപ്പെടുത്തുക

കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക

ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക

ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക

ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക

വിദ്യാലയംമികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്

കുട്ടികളിൽ പഠന വിഷയങ്ങളിൽ ആശയ ദൃഢതയും കണക്ക് ,സയൻസ് എന്നീവിഷയങ്ങളിൽ ധാരണയും കഴിവും ഉണർത്തണമെങ്കിൽ എല്ലാ ക്ലാസ് മുറിവുകളും ഹൈടെക് ആക്കുന്നുപാഠഭാഗങ്ങൾ എല്ലാം തന്നെ ഐസിടി സാധ്യതകൾ ലഭ്യമാക്കേണ്ട വിധത്തിൽ രൂപകൽപ്പന ചെയ്യണം ,സാമൂഹ്യനീതി ഗുണ തഎന്നിവ ഉറപ്പാക്കി പഠന പരിസരവും പഠന അന്തരീക്ഷവും വികസിപ്പിക്കുന്നു .പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം ആക്കി മാറ്റുന്നതിന്റെ മുന്നോടിയായി പ്ലാസ്റ്റിക് ബോട്ടിലുകൾ ഉപേക്ഷിക്കുന്നു .വിദ്യാലയത്തിൽ ജൈവവൈവിധ്യ ഉദ്യാനം നിലവിൽ വരുന്നതോടെ "ക്യാമ്പസ് തന്നെ പാഠപുസ്തകം" എന്ന ആശയംസാക്ഷാ ൽക്കരിക്കും. മാലിന്യ നിർമ്മാർജനം ഒരു സംസ്കാരമായിരൂപവൽക്കരിക്കുന്നതി ന്റെ ഭാഗമായി ഉച്ചയ്ക്ക് ഉച്ചക്കഞ്ഞി വേസ്റ്റ് ബയോഗ്യാസ് ആയി രൂപപ്പെടുത്തുന്നതിനും സാധിക്കും .ഈ വിദ്യാലയത്തിൽ അന്താരാഷ്ട്ര വിദ്യാഭ്യാസമാതൃക വികസിപ്പിച്ചെടുക്കുവാൻ ഇത്തരം കാര്യങ്ങൾ സാക്ഷികരിക്കപ്പെട്ടാൽ മതിയാകും ഉച്ച ഭക്ഷണംഏറ്റവും മികച്ച രീതിയിൽ നടത്തുന്നതിനായി അമ്മമാരെ ഉൾപ്പെടുത്തുന്നു. ഭക്ഷണം വളരെ വൃത്തിയോടെയും പോഷക സമൃദ്ധമായും നൽകുന്നു. പിറന്നാൾ സമ്മാനമായി ഒരു മുറം പച്ചക്കറി ഭക്ഷണത്തിലേക്ക് സംഭാവന ചെയ്യുന്നു.

നിലവിലെ അവസ്ഥാവിശകലനം

പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഉള്ള കുട്ടികളാണ് ഈ സ്കൂളിൽ അധ്യയനം നടത്തുന്നത്.

. നിലവിൽ 4 ക്ലാസ്മുറികൾ, ഓഫീസ് മുറി, സ്റ്റാഫ് റൂം, അടുക്കള, സ്റ്റോർ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്ലറ്റുകൾ എന്നീ സൗകര്യങ്ങൾ വിദ്യാലയത്തിലുണ്ട്. സ്കൂൾ വൈദ്യം തീകരിച്ച് എല്ലാ ക്ലാസ് മുറികളിലും ഫാൻ, ലൈറ്റ്, എന്നീ സൗകര്യം ഉണ്ട്. വെള്ളത്തിനായി വാട്ടർ അതോറിറ്റിയെയാണു് ആശ്രയിക്കുന്നത്. വെള്ളം ശേഖരിച്ചുവയ്ക്കുന്നതിനായി ടാങ്കുകൾ ഉപയോഗിക്കുന്നു. പാചകത്തിനും കുടിവെള്ളത്തിനുമായി വാട്ടർ പ്യൂരിഫയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പഠനോപകരണങ്ങളും ക്ലാസുകളിലേക്കുവേണ്ട മരസാമാഗ്രികളും ഉണ്ട്. ആധുനികരീതിയിൽ പഠനം നടത്തുന്നതിനായി പ്രൊജക്ടർ,ലാപ്ടോപ്പ്, ഓഫീസ് ആവശ്യത്തിനായി ഒരു കമ്പ്യൂട്ടർ, പ്രിൻ്റർ എന്നിവ ഉണ്ട്

പരിമിതികൾ

ആവശ്യാനുസരണം ക്ലാസ് റൂമുകൾ ഇല്ല

റാംപ് സൗകര്യം ഇല്ല

സ്കൂൾ സുരക്ഷയ്ക്ക് ആവശ്യമായ ചുറ്റുമതിലും ഗേറ്റും ഗ്രില്ലും ഇല്ല

സ്കൂൾ സൗന്ദര്യവൽക്കരണത്തിൻ്റെഭാഗമായി പെയിൻറിംഗ് നടത്തിയിട്ടില്ല

അക്കാദമികം

സമഗ്ര ഗുണമേന്മ ഉറപ്പുവരുത്തുന്ന തിൻ്റെഭാഗമായി പഠനകാര്യങ്ങൾ എസ്ആർ ജിയിൽ തീരുമാനിച്ചു നടപ്പിലാക്കുന്നു .പഠനത്തിന് തടസ്സമില്ലാത്ത സമയത്ത് എസ് ആർ ജി യോഗം നടത്തുന്നു. അക്കാദമി ക കാര്യങ്ങളും പഠന നിലവാരവും ചർച്ച ചെയ്യുന്നതിനോടൊപ്പം ആശയങ്ങൾ പങ്കുവെക്കുന്നതിന് ഈ യോഗം പ്രയോജനപ്പെടുന്നു .ദിനാചരണങ്ങൾ എല്ലാം വളരെ പ്രാധാന്യത്തോടെ നടത്തുന്നു .പോസ്റ്റർ ,പ്രസംഗം ,ചുമർപത്രം തുടങ്ങിയ വിജ്ഞാനപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നു എല്ലാ ദിവസവും അസംബ്ലിയിൽ കുട്ടികളുടെ വ്യക്തിത്വ വികാസത്തിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു .ചിന്താവിഷയം ,പത്രവാർത്ത 'ദിനാചരണം , ക്വിസ്, സുംബ എ.ന്നിവയെല്ലാം അസംബ്ലിയുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളാണ് എൽ എസ് എസ് ,നാസ്സരീക്ഷകൾക്കുള്ള അധിക പരിശീലനം നൽകുന്നു.കലാമേള ,ശാസ്ത്രമേള ,കായികമേള ,പ്രവർത്തിപരിചയ മേള എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിച്ച് ഗ്രേഡുകൾ കരസ്ഥമാക്കുന്നു

.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

പഠന രീതി ആധുനിക  കാഴ്ചപ്പാടോടെ പൂർണ്ണമായുംശിശു കേന്ദ്രകൃതമാക്കും

സ്കൂളിന്റെഭൗതിക സാഹചര്യം മികച്ചതാക്കും

"കാമ്പസ് പാം പുസ്തകം "എന്ന കാഴ്ചപ്പാടിൽ ഈ വിദ്യാലയത്തിൽ ജൈവവൈവിധ്യ പാർക്ക് എന്ന ആശയത്തിൽ രൂപംകൊണ്ട ഔഷധത്തോട്ട് നിർമ്മാണം മെച്ചപ്പെടുത്തും

കുട്ടികളുടെ മാനസിക സംഘർഷം തരണം ചെയ്യുവാൻ ആവശ്യമായ കൗൺസിലിംഗ് സൗകര്യം ഉറപ്പാക്കും

പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം യാഥാർത്ഥ്യമാക്കും

കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കും

അക്കാദമിക മികവിനായി എൽ എസ് എസ് പരിശീലനം മികച്ച രീതിയിൽ നടത്തും

ലൈബ്രറി പുസ്തകങ്ങളുടെ മികച്ച ക്രമീകരണം നടത്തും

സംഖ്യാബോധം, ഭാഷ പരിജ്ഞാനം ,നിരീക്ഷണം ,സർഗ്ഗശേഷി വികാസം എന്നിവ വികസിപ്പിക്കുന്നതിനായി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ സാധ്യമാക്കും

അടുക്കളത്തോട്ടം നിർമ്മാണം മെച്ചപ്പെടുത്തും

# മലയാളം

| | | |
|---|---|---|
| ലക്ഷ്യം: | | |
| അടിസ്ഥാന ഭാഷ ശേഷി വികസനം<br>ബാലസാഹിത്യ കൃതികളുടെ വായന, ആശയം പങ്കിടൽ ,സാഹിത്യകാരന്മാർ | | |
| വായന, ഭാഷണം, ലേഖനം, സർഗ്ഗാത്മകത | കാലയളവ് | ചുമതല |
| ചിത്ര കാർഡുകൾ അക്ഷരപ്പാട്ടുകൾ എന്നിവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഭാഷാ കളരി സംഘടിപ്പിക്കുന്നു അമ്മ വായന ക്ലാസ് തലം<br>കഥ പറച്ചിൽ നടത്തുന്നു<br>ചിത്ര വായനയിലൂടെ ആശയങ്ങൾ വാചികമായി അവതരിപ്പിക്കുന്നു<br>ഡിജിറ്റൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു<br>സചിത്ര ബുക്ക് തയ്യാറാക്കുന്നു.<br>പാട്ട് രണ്ട് സംഘം ചേർന്നും ഒറ്റയ്ക്കും അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനമേകവ് മികവ് സർഗാത്മകതയെ തട്ടി ഉണർത്താം.<br><br>കഥാവതരണം നടത്തി കഥ പറയുന്നതിനുള്ള മികവ് കഥാചാർട്ടുകൾ,K ചിത്രകഥാ രൂപീകരണം ,ക്ലാസ് ലൈബ്രറി ഒരുക്കൽ ലൈബ്രറി നവീകരണം ക്ലാസിൽ വായന പരിപോഷണത്തിനായി "ക്ലാസ് വായനക്കൂട്" തയ്യാറാക്കൽ വീട്ടിൽ വച്ച് വായന പരിപോഷണത്തിനായി "വീട് ഒരു പുസ്തകക്കൂട്" ഒരുക്കുന്നു. ചിത്ര വായന കാർഡുകൾ വായിക്കുന്നു അക്ഷരപ്പാട്ടുകൾ അക്ഷര കാർഡുകൾ ആവർത്തിച്ചു വരുന്ന പദങ്ങൾ, വട്ടം വരക്കൽ, ഡിജിറ്റൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു പുസ്തക പ്രദർശനം | ജൂലൈ<br>മുതൽ<br>മാർച്ച് വരെ | ക്ലാസ്<br>ടീച്ചർ |

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ചിഹ്നങ്ങളുടെ ഉറപ്പിക്കൽ, വായന കാർഡ് നിർമ്മാണം ആഭരണങ്ങൾ അണിയിക്കൽ ,കഥയുടെ പുനര വിതരണം ഡയറി എഴുത്ത് ,ലിപി തിരിച്ചറിയാതെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ, വാക്യങ്ങൾ എന്നിവയുടെ വായനാ അവതരണം (ഗ്രാഫിക് വായന) ലിപി തിരിച്ചറിഞ്ഞ് സഹായത്തോടെ ലഘുവാക്യങ്ങൾ എഴുതുന്നു. വായിക്കുന്നു WORK SHEET പ്രയോജനപ്പെടുത്തുന്നു. ഡയറി എഴുത്തു തുടരുന്നു അനുരൂപീകരണ പ്രവർത്തനങ്ങൾ നൽകുന്നു. ചിത്രങ്ങൾ നോക്കി കഥയെഴുതുന്നു. ലഘുക്കുറിപ്പ് തയ്യാറാക്കുന്നു കഥാരചന കവിത രചന, ചിത്രരചന കാർട്ടൂൺ എന്നിവയുടെ നിർമ്മാണം പിറന്നാൾ പുസ്തക സമ്മാനം | ജൂൺ<br>മുതൽ<br>മാർച്ച് വരെ | ക്ലാസ്<br>ടീച്ചർ |

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- |
| അടിക്കുറിപ്പ് സ്വതന്ത്രമായി തയ്യാറാക്കുന്നു ബാലസാഹിത്യകൃതികളുടെ വായന, ഇ- വായന സാധ്യത കണ്ടെത്തൽ<br><br>കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ എന്നിവയുടെ പ്രകാശനം, ക്ലാസ് പത്രം എന്നിവയുടെ പ്രദർശനം<br><br>ഓരോ വ്യവഹാരം മേഖലയുടെയും വീഡിയോ തയ്യാറാക്കുന്നു. സ്കിറ്റ് അവതരണം<br><br>രചനോത്സവം - പഠനോത്സവം<br><br>രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും മുന്നിൽ കുട്ടികളുടെ മികവുകളുടെ പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

# ENGLISH

| AIM:TO Speak read and write | | English without any mistakes | |
|---|---|---|---|
| Aim | Activities | Period | Charge |
| Skills | To Develop Listening Skills and Reading Skills<br>Description, growing sentences,,picture reading,riddles,quiz | June,<br>July, | Class Teacher |
| Reading Skills | • Reading breaking news<br>• Find words from reading materials<br>• Rhyming words | August,<br>September, | Class Teacher |
| Writing Skills | • Describing words from text book activities<br>Make word web<br>Picture description word chain | October,<br>November | |

| | Activities | Period |
|---|---|---|
| | • Introduce a sample picture description<br>• Word chain sentence chain make words<br>• Sentence make riddles<br>• Describing words rhyming words etc.text book activities<br>• The class room provides more opportunities to read write and speak English.<br>• Add more lines, develop story<br>• Diary letter | December |

| Activities | Period | |
|---|---|---|
| • Simple word introducing<br>• Provides picture card<br>• Gives a familiar magic picture<br>• Says the familiar words<br>• Writing familiar words<br>• Enjoy songs and sings then with rhythm and action<br>• Describes orally about picture and objects using adjectives.<br>(colour,shape,small etc.)<br>• Reads and writes simple words and simple sentences<br>• Apple,an apple,Red apple<br>• Provide picture card and reading cards | January<br>to<br>March | Classteacher<br><br>Parents |

MATHS

<table>
<tr><td colspan="3">ലക്ഷ്യം കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലക്ഷ്യമാക്കാൻ ഗണിത ചിന്താശേഷി വളർത്താൻ ജാമിതീയ സൗന്ദര്യം തിരിച്ചറിയൽ ഗണിത പഠനം രസകരമാക്കൽ</td></tr>
<tr><td>പ്രവർത്തനങ്ങൾ<br><br>ഗണിതമാഗസിൻ, സംഖ്യാബോധം, വ്യാഖ്യാനം<br><br>ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ (ഏണിയും പാമ്പും ഡയസ് കളി) സങ്കലനം, വ്യവകലനം, കച്ചവടക്കളി സ്ഥാന ഓർമ്മപ്പെടുത്തൽ സ്ഥാന വില പോക്കറ്റ് ഉപയോഗിക്കാം സങ്കലനം വ്യവകലനം ഗുണനം (ഒരക്കം രണ്ടക്കം മൂന്നക്കം) ഓർമ്മപ്പെടുത്തൽ പ്രശ്നപരിഹാരത്തിനുള്ള ചോദ്യങ്ങൾ</td><td>ജൂൺ - മാർച്ച്<br><br>ആഴ്ചയിൽ ഒന്ന്<br><br>വർഷം മുഴുവൻ<br><br><br><br><br><br>ജൂൺ</td><td>ക്ലാസ് ടീച്ചർ<br><br><br><br><br><br><br><br><br><br>ക്ലാസ് ടീച്ചർ</td></tr>
</table>

| | | |
|---|---|---|
| ഗുണനം ഹരണം (സ്ഥാനവില കാർഡുകൾ,സംഖ്യ കാർഡുകൾ,അബാക്കസ് ഉപയോഗിക്കാം )പ്രശ്ന പരിഹാരത്തിന് കൊടുത്ത് ഉത്തരങ്ങൾ കണ്ടെത്തൽ<br>മൂന്നക്ക സംഖ്യ പരിചയപ്പെടൽ<br>നാലക്ക സംഖ്യ പരിചയപ്പെടൽ<br>രണ്ടക്ക സംഖ്യകളുടെ സങ്കലനം,വ്യവകലനം<br>മൂന്നക്ക സംഖ്യകളുടെ സങ്കലനം,വ്യവകലനം<br>നാലക്കസംഖ്യകളുടെ സങ്കലനം,വ്യവകലനം<br>ഗുണന പട്ടിക ഉറപ്പിക്കൽ (കൂട്ടങ്ങളാക്കിയും ചാർട്ടുപയോഗിച്ചും ചെയ്യാം)<br>ഹരണചിഹ്നം പരിചയപ്പെടുത്തൽ<br>ഹരണക്രിയ ഉറപ്പിക്കൽ<br>പ്രശ്ന പരിഹരണത്തിനുള്ള ചോദ്യങ്ങൾ നൽകാം<br>ഭിന്നശേഷിക്കാർക്കനുയോജ്യമായ അനുഭവീകരണത്തിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ഫെബ്രുവരി<br><br>മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ |

# EVS

| | | |
|---|---|---|
| **ലക്ഷ്യം:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് പ്രകൃതി അറിയുന്നതിനും ആസ്വദിക്കുന്നതിനും, ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്, പ്രകൃതിയെ അറിയാൻ, നാട് അറിയുവാൻ, നാട്ടറിവുകൾ ശാസ്ത്രബോധം വളർത്തുക, പ്രകൃതി യുവ സംരക്ഷണം ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ, നിരീക്ഷണം, അറിവ് നിർമ്മാണം, ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ കേരളം, ഇന്ത്യ, ഭൂപട വായന | | |
| <u>**പ്രവർത്തനങ്ങൾ**</u><br>• ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>• നല്ല നാളേക്കു വേണ്ടി കവിത പൂന്തോട്ട നിർമ്മാണം<br>• ചെടികളെ നിരീക്ഷിക്കൽ, കണ്ടെത്തുന്ന പേരുകൾ തിരിച്ചറിയുന്നു, ഔഷധസസ്യങ്ങളെ കണ്ടെത്തുന്നു | ജൂൺ | |

| | | |
|---|---|---|
| ചെടികൾ മരങ്ങൾ വള്ളിച്ചെടികൾ എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു ചെടി മുളപ്പിക്കൽ പയർ വിത്ത് മുളപ്പിക്കൽ നിരീക്ഷണക്കുറിപ്പ് എഴുതൽ<br>• വന സംരക്ഷണം( പ്രാധാന്യം)<br>പരിസരം ശുദ്ധീകരണം വ്യക്തി ശുചിത്വം പ്രാധാന്യം<br>ലഘുപരീക്ഷണങ്ങൾ നടത്താനുള്ള താല്പര്യം<br>വിവിധതരത്തിലുള്ള മലിനീകരണം<br>(ജലം മണ്ണ് വായു) തിരിച്ചറിയുന്നു പ്രാധാന്യം കണ്ടെത്തുന്നു<br>ICT സാധ്യതകൾ ഉപയോഗപ്പെടുത്താം | ജൂൺ<br>മാർച്ച് | |

ആരോഗ്യ കായിക വിദ്യാഭ്യാസം

എല്ലാ കുട്ടികൾക്കും കായികക്ഷമത ഉറപ്പുവരുത്തുക

ആരോഗ്യ കായിക വിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തി ബോധവൽക്കരണ ക്ലാസ് നടത്തുക

മാനസികവും ശാരീരികവുമായ ആരോഗ്യമുണ്ടെന്ന് ഉറപ്പു വരുത്തുക

സുംബ എല്ലാ ദിവസവും ചെയ്യുക

മാലിന്യമുക്തവും ഹരിത വൽക്കരിച്ചതുമായ ചുറ്റുപാട് ഉറപ്പുവരുത്തുക

ഹെൽത്ത് ചെക്കപ്പ് സമയബന്ധിതമായി നടപ്പിലാക്കുക

പ്രവൃത്തി പരിചയം

പ്രവർത്തിപരിചയ ശില്പശാല നടത്തി നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നതിന്അവസരം ഒരുക്കുക

വിഷയാനുബന്ധ പഠനവുമായി പ്രവൃത്തി പരിചയത്തെ കൂട്ടി ചേർക്കുക

പാഴ് വസ്തുക്കൾഉപയോഗിച്ചുകൊണ്ട് പഠനോപകരണങ്ങൾ നിർമ്മിക്കാനുള്ള കഴിവ് വികസിപ്പിക്കുക

പ്ലാസ്റ്റിക് വിമുക്ത വിദ്യാലയത്തിനായി ഒരുക്കുക

ഓർഗാമി പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക

കലാപഠനം

കുട്ടികളുടെ സർഗ്ഗാത്മകത വികസിപ്പിക്കുക

ആധുനിക സാങ്കേതികവിദ്യ ,കലാ പഠനത്തിൽ പ്രയോജനപ്പെടുത്തുക

ഓരോ കുട്ടിയുടെ കഴിവുകൾ വ്യത്യസ്തമാണ് അവർ തിരിച്ചറിഞ്ഞ് കഴിവ് വികസിപ്പിക്കുക

ബാലസഭ നടത്തുക

ഇ-വിദ്യ

കുട്ടികൾക്ക് നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക

സ്വതന്ത്രമായി കമ്പ്യൂട്ടർ, ലാപ്ടോപ്പ് തുടങ്ങിയവ ഉപയോഗിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക

ഉപസംഹാരം

ജി എൽ പി എസ് ബി ടി എസ് ചാലക്കുടിയിലെ ഈ വിദ്യാലയം 66 നിറവിൽ നിൽക്കുമ്പോൾ ഒട്ടേറെ മികവുകളിലൂടെ മുന്നറിക്കൊണ്ടിരിക്കുന്നു. എങ്കിലും ഭൗതിക സാഹചര്യങ്ങളുടെ കുറവ് കുട്ടികളുടെ പ്രവേശനത്തിന് തടസ്സം നിൽക്കുന്നു. ഇത് പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെയും സമൂഹത്തിന്റെയും ഇടപെടലുകൾ ആവശ്യമായി വന്നിരിക്കുകയാണ് .ഈ അവസരത്തിൽ ഈ സരസ്വതി ക്ഷേത്രത്തെ ഔന്നത്യത്തി ൻ്റെ നെറുകയിലെത്തിക്കാൻ സാധിക്കും എന്ന ശുഭാപതി വിശ്വാസത്തോടെ,

ഹെഡ്മിസ്ട്രസ്